# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2008 ജനുവരി 14


# ഖേദം പ്രകടിപ്പിച്ചത് മാർ സേവേറിയോസെന്ന് മാധ്യമം ദിനപത്രം

## വിദേശ മെത്രാനെ വാഴിക്കൽ: ഓർത്തഡോക്സ് സഭയിൽ വീണ്ടും വിവാദം പുകയുന്നു

**പി. സി. കുര്യാക്കോസ്**

കോട്ടയം: ഓർത്തഡോക്സ് സഭയിലെ രണ്ട് മെത്രാന്മാർ പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വിദേശ വൈദികനെ മെത്രാപ്പോലീത്തായായി വാഴിച്ചത് വീണ്ടും വിവാദമാകുന്നു. ഓർത്തഡോക്സ് സഭയിലെ തൃശൂർ ഭദ്രാസനത്തിലെ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവർക്കെതിരെയാണ് കാതോലിക്കാബാവായ്ക്ക് പുതിയ പരാതി കിട്ടിയിരിക്കുന്നത്. അടുത്തമാസം ചേരുന്ന സഭാ സിനഡിൽ ഈ വിഷയം വീണ്ടും വിവാദമാകാൻ ഇടവന്നിരിക്കുകയാണ്.

കഴിഞ്ഞ ഡിസംബർ ആറിന് ചേർന്ന സിനഡ് യോഗം വിദേശ മെത്രാനെ വാഴിച്ചതുമായി ബന്ധപ്പെട്ട് ഇരു മെത്രാപ്പോലീത്താമാരോടും വിശദീകരണം തേടുകയും ഇരുവരും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ് ഔദ്യോഗികമായി അറിയിച്ചത്. എന്നാൽ, തങ്ങൾ ഖേദപ്രകടനം നടത്തിയിട്ടില്ലെന്ന് യൂഹാനോൻ മാർ മിലിത്തിയോസും തോമസ് മാർ അത്താനാസിയോസും പിന്നീട് അറിയിച്ചിരുന്നു. പ്രശ്നം വിവാദമാക്കിയത് സഭയിലെ ചില യു. ഡി. എഫ്. അനുകൂലികളായ വൈദികരും ചില മാനേജിംഗ് കമ്മറ്റിയംഗങ്ങളുമാണെന്ന് ഈ മെത്രാന്മാർ ആരോപിച്ചു. ആരോപണവിധേയരായ ഈ മെത്രാന്മാർ ഇടതുപക്ഷ ചിന്താഗതിയുള്ളവരാണെന്നാണ് സഭയ്ക്കുള്ളിലെ പ്രചരണം. സിനഡിന്റെ അഞ്ചംഗ കമ്മറ്റിയിൽ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, സിനഡ് സെക്രട്ടറി മാത്യൂസ് മാർ സേവേറിയോസ് എന്നിവരാണ് മെത്രാന്മാരെ വാഴിക്കുന്നതിനെ എതിർക്കുന്നത്. ഇപ്പോൾ ലണ്ടനിൽ അപകടത്തിൽപെട്ട് ചികിൽസയിൽ കഴിയുന്ന അമേരിക്കൻ ഭദ്രാസനത്തിലെ തോമസ് മാർ മക്കാറിയോസിന്റെ അനുമതി ഫാക്സിൽ വാങ്ങിയാണ് വിദേശ വൈദികനെ ഇവർ മെത്രാനായി വാഴിച്ചത്. കാതോലിക്കാ ബാവാ ഉണ്ടായിരിക്കെയാണ് കാനോൻ നിയമത്തിന് വിരുദ്ധമായ മെത്രാന്മാരുടെ നടപടി. എന്നാൽ, നവംബറിൽ ചേർന്ന സിനഡിൽ മൂന്ന് വിദേശ മെത്രാന്മാരെ വാഴിക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിൽ രണ്ടുപേർ പാത്രിയർക്കീസ് വിഭാഗത്തിലേക്ക് തന്നെ തിരിച്ചുപോയതിനാൽ ഒരാൾ മാത്രമാണ് ശേഷിച്ചത്. കാതോലിക്കാബാവായുടെ അനുമതിയോടെ ഡിസംബർ അഞ്ചിനാണ് വാഴിക്കൽ ചടങ്ങ് നടന്നത്. എന്നാൽ, ആറാം തീയതി നടന്ന പ്രത്യേക സിനഡിൽ ഈ വിഷയം ഉയർന്നുവരികയും മെത്രാന്മാർക്കെതിരെ നടപടി എടുക്കണമെന്ന് ഒരു വിഭാഗം ആവശ്യപ്പെടുകയും ചെയ്തു. അപ്പോഴാണ് നവംബറിലെ സിനഡിന്റെ മിനിറ്റ്സിൽ മെത്രാന്മാരെ വാഴിക്കാൻ എടുത്ത തീരുമാനം എഴുതി ചേർത്തിട്ടില്ലെന്ന് കണ്ടെത്തിയത്. ഇതേതുടർന്ന് യോഗത്തിൽ വെക്കുന്ന കുറിപ്പിൽ തീരുമാനം എടുത്തതായി കണ്ടെത്തുകയും പിശക് പറ്റിയതിൽ സിനഡ് സെക്രട്ടറി ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ, ഈ ഖേദപ്രകടനമാണ് യൂഹാനോൻ മാർ മിലിത്തിയോസിന്റെയും തോമസ് മാർ അത്താനാസ്യോസിന്റെയും ഖേദപ്രകടനമായി ചില കേന്ദ്രങ്ങൾ പ്രചരിപ്പിച്ചത്. കൂടാതെ സഭയിൽ ഉടൻ തിരഞ്ഞെടുക്കുന്ന മെത്രാന്മാരെ സംബന്ധിച്ച് ചില നിയമങ്ങൾ മാറ്റിഎഴുതണമെന്ന് നേതൃത്വത്തോട് ആവശ്യപ്പെടാൻ ചെങ്ങന്നൂരിലും ഓമല്ലൂരിലും ചേർന്ന ഒരു വിഭാഗം മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. കാതോലിക്കാബാവ ശാരീരികമായി വളരെ അവശനിലയിലായതിനാൽ തീരുമാനങ്ങൾ പലതും എടുക്കുന്നത് ചില പ്രത്യേക കേന്ദ്രങ്ങളാണെന്നാണ് ആരോപണം. ഇവരോട് തെരഞ്ഞെടുക്കപ്പെട്ട ആത്മീയ, വൈദിക നേതൃത്വത്തിന് വിയോജിപ്പ് ഉള്ളതായും പറയുന്നു. എന്നാൽ, ഇപ്പോഴത്തെ വിവാദങ്ങൾ അനാവശ്യമാണെന്നും എല്ലാ പ്രശ്നങ്ങളും തീർത്തതാണെന്നും തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ 'മാധ്യമ'ത്തോട് പറഞ്ഞു. ചില പ്രത്യേക കേന്ദ്രങ്ങളാണ് ഇപ്പോൾ വിവാദങ്ങൾ ഉണ്ടാക്കുന്നതെന്നും മെത്രാപ്പോലീത്താ പറഞ്ഞു.

(മാധ്യമം, 11-01-08)

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## മർക്കടേഷ്ഠ വിവാഹസ്യ...

കൊളംബോ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി <u>ഡോക്ടറേറ്റ്</u> നൽകി ആദരിച്ച യാക്കോബായ സഭയുടെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ **<u>ഡോക്ടർ</u>** മാത്യൂസ് മാർ ഈവാനിയോസിനു സഭാംഗങ്ങൾ ഉജ്ജ്വല സ്വീകരണം നൽകി. തൊടുപുഴ ടൗൺ ഹാളിൽ നടന്ന സ്വീകരണ സമ്മേളനം ശ്രേഷ്ഠ കാതോലിയ്ക്കാ **<u>ഡോക്ടർ</u>** ബസേലിയോസ് തോമസ് പ്രഥമൻ ഉദ്ഘാടനം ചെയ്തു. സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി **<u>ഡോക്ടർ</u>** ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

(ഡിസംബർ 24-ലെ പത്രവാർത്ത)

# പുതിയ മെത്രാന്മാരെ വാഴിക്കരുത്: സഭൈക്യ സമിതി

കൊച്ചി: ആസന്നമായിരിക്കുന്ന മലങ്കരസഭയുടെ ഐക്യം യാഥാർത്ഥ്യമാകുന്നതുവരെ ഇരുവിഭാഗവും പുതിയ മെത്രാന്മാരെ വാഴിക്കരുതെന്ന് സഭൈക്യ സമിതി ആവശ്യപ്പെട്ടു.

ഇരു വിഭാഗത്തിന്റെയും യോജിപ്പോടെ ഭദ്രാസനങ്ങളുടെയും മെത്രാപ്പോലീത്താമാരുടെയും പുനർക്രമീകരണം വേണ്ടിവരും. അപ്പോഴത്തെ ക്രമീകരണങ്ങൾക്കു ശേഷം മാത്രം ആവശ്യമുള്ള മെത്രാന്മാരെ വാഴിച്ചാൽ മതി എന്നാണ് ഇരു വിഭാഗത്തോടും സഭൈക്യ സമിതിയുടെ അഭ്യർഥന.

സഭാ യോജിപ്പോടെ ഭദ്രാസന പുനർ വിഭജനം ആവശ്യമായി വരുന്നതിനാൽ തിരക്കുപിടിച്ച് ഇരു കൂട്ടരും ഭദ്രാസനങ്ങൾ ഉണ്ടാക്കരുതെന്നും ഇവർ അഭ്യർത്ഥിച്ചിട്ടുണ്ട്.

# അന്ത്യോഖ്യാ പാത്രിയർക്കീസിനെ വാഴിക്കണം

കൊച്ചി: മൂശാ ഗുർഗാൻ സേവേറിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചതുപോലെ ഏതാനും സുറിയാനി മെത്രാന്മാരെ കൂടി വാഴിച്ച് മലങ്കരസഭ ഒരു ബദൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ വാഴിക്കണമെന്ന് എറണാകുളം കേന്ദ്രമാക്കിയുള്ള ചർച്ച് റിന്യൂവൽ മൂവ്മെന്റ് ഓഫ് ദി യൂത്ത് എന്ന സംഘടന ആവശ്യപ്പെട്ടു. മൂശാ ഗുർഗാൻ റമ്പാന്റെ വാഴ്ചയിൽ സഹകരിച്ചവർക്ക് അനുമോദനങ്ങൾ നേർന്നുകൊണ്ട് പ്രസിദ്ധീകരിച്ച ലഘുലേഖയിലാണ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്.

# പ്രസ്താവനായുദ്ധം വീണ്ടും തിരിച്ചടിക്കുന്നു!

കോട്ടയം: പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഒരിക്കൽ ചർച്ച ചെയ്തവസാനിപ്പിച്ച വിദേശമെത്രാൻ വാഴ്ചാ വിവാദം വീണ്ടും കുത്തിപ്പൊക്കി വിവാദമാക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് കനത്ത തിരിച്ചടി. അനാവശ്യ വിവാദങ്ങൾക്കെതിരെ രൂക്ഷമായ പ്രതിഷേധം എല്ലാ ഭാഗങ്ങളിൽ നിന്നും ഉയർന്നതോടെ വിവാദ വാർത്തകൾ സൃഷ്ടിക്കാൻ ശ്രമിച്ചവർ വെട്ടിലായിരിക്കുകയാണ്.

ആദ്യ വാർത്തകൾ മൂലം ചിന്താക്കുഴപ്പം ഉണ്ടായവർക്കു പോലും കഴിഞ്ഞ ദിവസത്തെ വാർത്തയോടെ ഈ വിവാദത്തിനു പിന്നിലെ ദുരുദ്ദേശ്യം വ്യക്തമായിരിക്കുകയാണ്. സുന്നഹദോസിനെതിരെ സംയുക്ത യുദ്ധത്തിനു *ഉചാമറ*, മെത്രാൻ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾക്കെതിരായി പോരാടുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങളുമായി കൈകോർത്തിരുന്നു. ഈ ക്ഷണിക ബന്ധം അവസാനിച്ചതായി സൂചന ലഭിച്ചു. മെത്രാൻ തിരഞ്ഞെടുപ്പുപക്ഷം വാഴ്ചാ വിവാദത്തിൽ തലയിട്ടു നാറാൻ തയാറല്ലെന്ന സന്ദേശം നൽകിയതായാണ് അറിയുന്നത്.

## ഓഫ് സൈഡ് - ഓഫ് സൈഡ്

"കേസുകൾ നിർത്തിവെച്ചാൽ തർക്ക വിഷയങ്ങളിൽ ചർച്ചയ്ക്കു തയാർ"

- തോമസ് പ്രഥമൻ

(നവംബർ 10-നു കരിങ്ങാച്ചറയിൽ)

**സിവിൽ കേസുകളോ ക്രിമിനൽ കേസോ?**




രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ
ഇന്റർനെറ്റ് എഡിഷൻ പരതിയിട്ടും
മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ?
നിരാശപ്പെടേണ്ട.
നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?
മലങ്കര ഓർത്തഡോക്സ് ടി. വി.

നിങ്ങൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് ടി. വി. നിങ്ങൾക്ക് ശരിയായി പ്രയോജനപ്പെടുത്താൻ സാധിക്കും

**കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ വിസ്മയങ്ങളുമായി...**

**മലങ്കര ഓർത്തഡോക്സ് ടിവി**

**www.malankaraorthodox.tv/**

നിങ്ങളുടെ രചനകൾ (ലേഖനങ്ങളോ, കവിതകളോ, പുസ്തകമോ)
ഓൺലൈനിൽ പ്രസിദ്ധീകരിക്കപ്പെടുവാൻ
ആഗ്രഹിക്കുന്നുവെങ്കിൽ
എം. ടി. വി. അതിന് അവസരമൊരുക്കുന്നു.
joicethottackad@yahoo.com
എന്ന വിലാസത്തിൽ ബന്ധപ്പെടുക